# കൈത്താക്കാലം

## വചന വിചിന്തനം

### കൈത്താക്കാലം ആറാം ഞായർ

**ലൂക്കാ 17,11-19**

---

**ചരിത്ര പശ്ചാത്തലം**

കുഷ്ടരോഗികളെ സുഖപ്പെടുത്തുന്ന സംഭവം സമാന്തര സുവിശേഷങ്ങളിൽ പലപ്പോഴായി രേഖപ്പെടുത്തിയിട്ടുണ്ട് (മത്ത 9,27; 15,22; മർക്കോ 10,47; ലൂക്കാ 16,24). എന്നാൽ ഈ പ്രത്യേക സംഭവം ലൂക്കാ സുവിശേഷകൻ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കരുണയുടെ സുവിശേഷം (GOSPEL OF COMPASSION) എന്നറിയപ്പെട്ടിരിക്കുന്ന ലൂക്കാ സുവിശേഷത്തിൽ ഈശോ തന്റെ കരുണ പ്രകടിപ്പിക്കുന്ന ആനേകം സംഭവങ്ങളിൽ ഒന്നാണ് ഈ രംഗവും.

കുഷ്ടരോഗി പാളയത്തിന് പുറത്ത് വസിക്കുകയും കീറിയ വസ്ത്രം ധരിക്കുകയും അശുദ്ധൻ, അശുദ്ധൻ എന്ന് വിളിച്ച് പറയുകയും ചെയ്യണമെന്ന് ലേവ്യരുടെ പുസ്തകത്തിൽ പറയുന്നു (ലേവ്യ 13,45). മാത്രമല്ല, കുഷ്ടരോഗിയുടെ ശുദ്ധി ഉറപ്പ് വരുത്തേണ്ടത് പുരോഹിതനാണ്. അവന്റെ സാക്ഷ്യമാണ് (ലേവ്യ 13,39). അതുകൊണ്ടാണ് യേശു അവരെ പുരോഹിതരുടെ അടുത്തേയ്ക്ക് പറഞ്ഞയക്കുന്നതും. പഴയ നിയമത്തിൽ പ്രവാചകനും ദൈവപുരുഷനുമായ ഏലീഷ സിറിയാ രാജാവിന്റെ സൈന്യാധിപനായ നാമാന്റെ കുഷ്ടം സുഖപ്പെടുത്തിയത് പോലെ പ്രവാചകനും ദൈവപുത്രനുമായ ഈശോ കുഷ്ടരോഗം മാറ്റുന്ന സംഭവം ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നു.

> രോഗശാന്തി ലഭിച്ചവർക്ക് സൗഖ്യം കിട്ടിയപ്പോൾ സൗഖ്യവും രക്ഷയും കിട്ടിയത് തിരികെ വന്ന് നന്ദി പ്രകാശിപ്പിച്ചവന് മാത്രമാണ്.
> നാം സൗഖ്യപ്പെട്ടവരോ അതോ രക്ഷിക്കപ്പെട്ടവരോ?

സാർവ്വത്രീകതയുടെ സുവിശേഷം (GOSPEL OF UNIVERSALISM) എന്നാണ് ലൂക്കായുടെ സുവിശേഷം പൊതുവെ അറിയപ്പെടുക. കാരണം, സമൂഹത്തിൽ അവഗണിക്കപ്പെട്ടവർക്ക് പ്രത്യേകിച്ച് സ്ത്രീകൾ, ദരിദ്രർ, കുട്ടികൾ, ഇടയൻമാർ ഇവർക്കെല്ലാം ലൂക്കാ തന്റെ സുവിശേഷങ്ങളിൽ മാന്യമായ ഒരു സ്ഥാനം നൽകിയിട്ടുണ്ട്. ഈ അർത്ഥത്തിലാണ് സമരിയാക്കാരനായ കുഷ്ടരോഗിയെ ലൂക്കാ വളരെ പോസറ്റീവായി അവതരിപ്പിക്കുന്നത്. അയൽക്കാരനെ സഹായിച്ച "നല്ല സമരിയാക്കാരൻ" ലൂക്കാ സുവിശേഷത്തിൽ മാത്രം കാണുന്ന ഉപമയാണ്.

**വ്യാഖ്യാനം**

### GRATITUDE IS THE BEST ATTITUDE

മരിച്ച് സ്വർഗ്ഗത്തിൽ എത്തിയതാണ് ടോണി. സ്വർഗ്ഗം കാണാൻ ആഗ്രഹം പ്രകടിപ്പിച്ച ടോണിക്ക് കൂട്ടായി മാലാഖ കൂടെ വന്നു. സ്വർഗ്ഗത്തിലെ മുക്കും മൂലയും വരെ മാലാഖ ടോണിക്ക് കാണിച്ചു കൊടുത്തു. അതിനിടയിൽ കണ്ട ഒരു കാഴ്ച്ച ടോണിയെ അതിശയിപ്പിച്ചു. തിരക്കിട്ട പണിയിൽ ഏർപ്പെട്ടിരിക്കുന്ന ഇരുക്കൂട്ടർ മാലാഖമാർ. അവർ എന്തോ തിരക്കിലാണ്. അവർ ടോണിയെ ശ്രദ്ധിച്ചതേയില്ല. വീണ്ടും യാത്ര മുന്നോട്ട് നീങ്ങി. അതാ അവിടെ ഒരു കൂട്ടം മാലാഖമാർ അലസരായി ഇരുന്ന് ഉറങ്ങുന്ന കാഴ്ച്ചയാണ് ടോണി കണ്ടത്. ടോണിക്ക് സംശയമായി. അവൻ മാലാഖയോട് കാരണം തിരക്കി. "എന്താണ് രണ്ടു കൂട്ടം മാലാഖമാർ തിരക്കിട്ട പണി ചെയ്യുന്നതും മറ്റൊരു കൂട്ടർ കിടന്നുറങ്ങുന്നതും." "ഓരോരുത്തർക്കും അവരുടെതായ പണിയുണ്ട്. അതു മാത്രമെ അവർ ചെയ്യേണ്ടതുള്ളു." മാലാഖ മറുപടി പറഞ്ഞു. "എന്താണ് ഈ ഇരു കൂട്ടരുടെയും പണി?" അറിയാൻ ടോണിക്ക് ആകാംക്ഷയായി. മാലാഖ പറഞ്ഞു, "ഭൂമിയിൽ നിന്ന് മനുഷ്യർ പ്രാർത്ഥിക്കുന്ന യാചനകൾ ശേഖരിക്കുകയാണ് ആദ്യത്തെ കൂട്ടർ. മനുഷ്യർക്കായി ദൈവം നൽകുന്ന നന്മകൾ വിതരണം ചെയ്യുകയാണ് രണ്ടാമത്തെ കൂട്ടർ." ഇവർ ഇരു

കൂട്ടരും തിരക്കിട്ട പണിയിലാണ്.

"അപ്പോൾ മൂന്നാമത്തെതോ?" ടോണി തിരക്കി.

"കിട്ടിയ നന്മകൾക്ക് ഭൂമിയിലെ മനുഷ്യൻ പറയുന്ന നന്ദി ശേഖരിക്കുകയാണ് അലസമായി ഉറങ്ങികഴിയുന്ന മാലാഖമാരുടെ ജോലി. പക്ഷെ, അവർക്ക് കാര്യമായി പണിയൊന്നുംതന്നെയില്ല. കാരണം, മാനസിലായോ, ടോണി?"

GRATITUDE IS THE BEST ATTITUDE എന്നൊരു ചൊല്ലുണ്ട് ഇംഗ്ലീഷിൽ... നന്ദിയാണത്രെ ഏറ്റവും ശ്രേഷ്ഠമായ മനോഭാവം. ഹൃദയത്തിന്റെ നന്മയാണ് നന്ദി. ദൈവം പോലും മനുഷ്യനിൽ നിന്ന് പ്രതീക്ഷിക്കുന്ന മനോഭാവമാണ് ഇതെന്ന് ഈ സുവിശേഷ ഭാഗം വായിക്കുമ്പോൾ തോന്നിയേക്കാം. അതുകൊണ്ടാണ്, തിരിച്ചു വന്ന ഒരുവനോട് ബാക്കി 9 പേർ എവിടെയെന്ന് ക്രിസ്തു ചോദിച്ചതും. ദൈവത്തിന് ഒരു മനുഷ്യഭാവമുണ്ടെങ്കിൽ അതുപോലെ തന്നെ മനുഷ്യന്റെ ദൈവീകഭാവത്തിന്റെ ഒരു തെളിവ് കൂടിയാണ് മനസ്സിൽ സൂക്ഷിക്കുന്ന നന്ദി.

നന്ദി പറഞ്ഞ വ്യക്തികളെയെല്ലാം ശ്രേഷ്ഠരായിട്ടാണ് ബൈബിൾ എന്നും കണക്കാക്കിയിട്ടുള്ളത്. അത് പ്രളയശേഷം നന്ദി സൂചകമായി ബലിയർപ്പിച്ച നോഹയാകട്ടെ അല്ലെങ്കിൽ ഏതാനും കല്ലുകൾ കൂട്ടി വച്ച് അതിൻമേൽ ദഹനബലിയർപ്പിച്ച് ദൈവത്തിൻ നന്ദി പ്രകാശിപ്പിച്ച പൂർവ്വപിതാക്കൻമാരായ അബ്രാഹമോ യാക്കോബോ ആകട്ടെ. അതുമല്ലെങ്കിൽ, ജീവിതം മുഴുവനും നന്ദിയുടെ സങ്കീർത്തനങ്ങളാൽ ദൈവത്തെ മഹത്വപ്പെടുത്തിയ ദാവിദ് രാജാവാകട്ടെ. ഇനിയുമല്ലെങ്കിൽ എല്ലാം നഷ്ടപ്പെട്ടിട്ടും "കർത്താവ് തന്നു, കർത്താവ് ഇടുത്തു. അവിടുത്തെ നാമം മഹത്വപ്പെടട്ടെ" (ജോബ് 2,21) എന്നു പറഞ്ഞു ജീവിതം കൊണ്ട് നന്ദി പ്രകാശിപ്പിച്ച ജോബാകട്ടെ. ഇതൊന്നുമല്ലെങ്കിൽ സ്വന്തം കുഞ്ഞുനെ ഉദരത്തിൽ വഹിച്ച് ദൈവത്തെ സ്തുതിച്ച എലിസബത്തോ, സ്തേത്രഗീതം പാടി ദൈവത്തിന് നന്ദി പ്രകടിപ്പിച്ച പരി. അമ്മയോ ആകട്ടെ. എല്ലാറ്റിനും ഉപരിയായി, ഏല്ലാ അൽഭുതങ്ങൾക്കു മുമ്പ് നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞ് പ്രാർത്ഥിച്ച, പ്രാർത്ഥിക്കാൻ പഠിപ്പിച്ച ക്രിസ്തുവാകട്ടെ കൃജ്ഞതയുടെ ഉദാത്തമായ മാതൃകകളാണ് നമുക്ക് മുമ്പിൽ വച്ചു നീട്ടുന്നത്.

ലഭിച്ച ഔദാര്യം
വിസ്മരിക്കുകയോ,
കൊടുത്ത ഔദാര്യം
സ്മരിക്കുകയോ
ചെയ്യരുത്

നന്ദി പ്രകടിപ്പിക്കുവാൻ പിശക്ക് കാണിക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുക. നന്ദി വെറും വാക്കിലൊതുക്കാൻ മാത്രം താത്പര്യപ്പെടുന്ന ഒരു തലമുറയുടെ വക്താകളാണ് പലപ്പോഴും നാം. ഓരോ പരിപാടികൾക്ക് ശേഷവും നന്ദിയുടെ ഒരു 'ലുത്തിനിയ' തന്നെ പ്രകടിപ്പിക്കുന്നത് ഒരു പ്രഹസനമായും അരോചകമായും തോന്നാറില്ലേ പലപ്പോഴും നമുക്ക്. അതുകൊണ്ടായിരിക്കും പലപ്പോഴും നന്ദി പ്രകാശനമാകുമ്പോഴെക്കും കാണികൾ വിരലിലെണ്ണാവുന്നവർ മാത്രമായി അവശേഷിക്കുന്നത്. ഇത് നന്ദി കേടിന്റെ കാലമാണ്. വളർത്തി വലുതാക്കിയ മാതാപിതാക്കളെ അനാഥാലയങ്ങളിലേയ്ക്ക് വലിച്ചെറിയുന്ന മക്കളും വിദ്യ പകർന്ന് നൽകുന്ന ഗുരുഭൂതരെ നിന്ദിക്കുന്ന വിദ്യാർത്ഥികളും. ചികിത്സ നൽകുന്ന ഡോക്ടറെ അപമാനിക്കുന്ന രോഗികളും, സഹായം വച്ചു നീട്ടുന്ന കരങ്ങളെ അതു സ്വീകരിച്ച് വെട്ടി കളയുന്ന കണ്ണിൽ ചോരയില്ലാത്തവരുടെ കാലഘട്ടമാണ്. ഇവിടെ ഒരാൾക്ക് മറ്റൊരാളെ സഹായിക്കാൻ മടിയാണ്, ഒപ്പം പേടിയും. "സഹായിച്ചിട്ട് എന്തിനാ? ഒന്നും തിരിച്ച് കിട്ടില്ല, ഒരു നന്ദി വാക്കു പോലും." ഇതാണ് പലരുടെയും സങ്കടം.

ഇവിടെയാണ് ഈശോ നമുക്ക് മുന്നിലൊരു വെല്ലുവിളിയായ് നിൽക്കുന്നത്. കൂടെ കൊണ്ടു നടന്ന് ജീവന് തുല്യം സ്നേഹിച്ച വത്സല ശിഷ്യൻമാരിൽ നിന്നോ, അപ്പം വർദ്ധിപ്പിച്ച് നൽകിയ ജനക്കൂട്ടത്തിൽ നിന്നോ, തൊട്ടും തലോടിയും സുഖപ്പെടുത്തിയോ രോഗികളിൽ നിന്നോ, മരിച്ചവരെ ഉയർപ്പിച്ചവരിൽ നിന്നോ എന്തെങ്കിലും പ്രതിഫലമോ ഒരു നന്ദി വാക്കോ അവൻ പ്രതീക്ഷിച്ചില്ല. അവനിട്ടു ലഭിച്ചതുമില്ല. എന്നിട്ടും ജീവിതം മുഴുവൻ മറ്റുള്ളവർക്ക് സുകൃതം ചെയ്തുകൊണ്ട് അവൻ ജീവിച്ചു, യാതൊരു പരാതിയും പരിഭവവും ഇല്ലാതെ സ്വീകരിക്കുന്നതിന് വിമുഖതയും നൽകുന്നതിൽ

"തക്ക സമയത്തും,

തക്ക വിധത്തിലും

നന്ദി പറയുന്നത്

ഒരു കലയാണ്."

കർദ്ദിനാൾ സ്യൂനൻസ്

ധാരാളിത്തവുമായി മാറുന്ന മനോഭവമാകണം നന്ദി. അതുകൊണ്ടായിരിക്കാം പൗലോസ് അപ്പസ്തോലൻ പറഞ്ഞത്, "സ്വീകരിക്കുന്നതിനേക്കാൾ നൽകുന്നതാണ് ശ്രേഷ്ഠമെന്ന്."

സ്നേഹമുള്ളവരെ, വീട്ടിതീർക്കാനാകാത്ത അത്രമാത്രം കടങ്ങളുടെയും കടപ്പാടുകളുടെയും മദ്ധ്യേയാണ് നാം ജീവിക്കുന്നത്. സൃഷ്ടികളോടും സഹജീവികളോടുമുള്ള നന്ദിയും കടപ്പാടും എന്നെങ്കിലും, എങ്ങനെയെങ്കിലും വീട്ടി തീർക്കാമെന്ന് ആശ്വസിക്കാം. എന്നാൽ സൃഷ്ടാവിനോടുള്ളതോ...? അതുകൊണ്ടായിരിക്കാം നമ്മൾ ഇങ്ങനെ പാടി പ്രാർത്ഥിക്കുന്നത്,

"ദൈവസ്നേഹം വർണിച്ചിടാൻ വാക്കുകൾ പോരാ....

നന്ദി ചൊല്ലി തീർക്കുവാനീ ജീവിതം പോരാ..." എന്ന്

പരിശുദ്ധമായ ഈ ബലിയർപ്പിക്കുമ്പോൾ ഈയൊരു മനോഭാവത്തിനായി പ്രാർത്ഥിക്കാം:- നന്ദി പ്രകടിപ്പിച്ചുകൊണ്ട് ജീവിക്കാനും നന്ദി പ്രതീക്ഷിക്കാതെ നന്മ ചെയ്യാനുമായി ഒരു വിശാല ഹൃദയത്തിനായ്...

ഫാ. നൗജിൻ വിതയത്തിൽ